# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **10.07.2012 ൽ മറുപടിക്ക്**

**നമ്പർ. 6067**

**മുംബൈ മലയാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി. വി. രാജേഷ്: | ശ്രീ. കെ. സി. ജോസഫ്<br>(ബഹു. ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |
| (എ) മുംബൈ മലയാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) ഉണ്ട്. മുംബൈ മലയാളികളുടെ പ്രശ്നങ്ങളിൽ ഭൂരിഭാഗവും യാത്രാ ക്ലേശം സംബന്ധിച്ചാണ്. ഈ കാര്യം കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.<br>മുംബൈയിൽ നിന്നും, ഒരു പുതിയ തീവണ്ടി ആരംഭിക്കുന്നതിനും മറ്റു സർവ്വീസിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതിനും 2012-13 റെയിൽവേ ബജറ്റിൽ പ്രഖ്യാപനമുണ്ടായിട്ടുണ്ട്. മുംബൈ മലയാളികളുടെ മറ്റൊരു പ്രധാന ആവശ്യം പ്രവാസി ഐ. ഡി. കാർഡ് അനുവദിക്കണെമെന്നതായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രവാസി |

| | |
|---|---|
| | ഇൻഷുറൻസ് കാർഡ് പദ്ധതി മറുനാടൻ മലയാളികൾക്കായി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) പുതുതലമുറയെ ലക്ഷ്യമാക്കി ആരംഭിച്ച മലയാളി മിഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) മലയാളം മിഷന്റെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കുവാൻ 31.05.2012-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. |
| (സി) പ്രവാസി ക്ഷേമ നിധിയിൽ അംഗത്വത്തിനുള്ള നടപടികൾ ലളിതമാക്കുന്നതിനും വൻ നഗരങ്ങളിലെ ജീവിത-ച്ചെലവുകൾ കണക്കിലെടുത്ത് ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങളിൽ വർദ്ധനവ് നൽകുന്നതിനും ഉദ്ദേശി-ക്കുന്നുണ്ടോ? | (സി) പ്രവാസി ക്ഷേമ നിധിയിൽ അംഗത്വത്തിന് വളരെ ലളിതവും, സൗകര്യപ്രദവുമായ നടപടികളാണ് നിലവിലുള്ളത്. ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നത് ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ